(സി) ഇപ്രകാരം പട്ടയത്തിനായി അപേക്ഷിച്ചിട്ടുള്ളവർ എത്ര; എത്ര പേർക്ക് ഇതിനകം പട്ടയം നൽകുകയുണ്ടായി ; പുതിയ ചട്ടങ്ങൾ പ്രകാരം ഇതിനകം പട്ടയം ലഭ്യമാക്കിയ മൊത്തം ഭൂമി എത്രയാണ് ; വിശദമാക്കാമോ ?

ഉത്തരം

(എ) 1960-ലെ കേരള ഭൂമി പതിവ് നിയമത്തിൽ ഇപ്രകാരം ഒരു വ്യവസ്ഥ നിഷ്കർഷിച്ചുകാണുന്നില്ല. എന്നാൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടം 7(1) പ്രകാരം 1-8-1971-ന് മുമ്പ് കൈവശം വച്ച് അനുഭവിച്ചുവരുന്ന സർക്കാർ ഭൂമികൾക്ക് പട്ടയം നൽകാൻ വ്യവസ്ഥയുണ്ട്. കൈവശ ഭൂമിയിൽ കാര്യമായ ദേഹണ്ഡങ്ങൾ ഉണ്ടാക്കിയിട്ടുള്ള പക്ഷം (valuable improvements) സമതലങ്ങളിൽ രണ്ട് ഏക്കർ വരെയും മലയോര മേഖലകളിൽ 4 ഏക്കർ വരെയും കൈമാറ്റ അനുമതിയോടെ പട്ടയം നൽകുന്നതിന് 30-9-2014-ലെ ജി.ഒ.(പി) 425/14/ആർ.ഡി. പ്രകാരം സർക്കാർ ചട്ടം ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്.

(ബി) ഇപ്രകാരം പട്ടയം ലഭിക്കാൻ അർഹതയുള്ളവർ എത്രയാണെന്ന കണക്കുകൾ ശേഖരിച്ചിട്ടില്ല. 3-3-2005-ലെ ജി.ഒ.(പി) 63/2005/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം പതിച്ചുനൽകാവുന്ന സർക്കാർ ഭൂമിയുടെ വിസ്തീർണ്ണം സമതലങ്ങളിൽ 50 സെന്റും മലയോര മേഖലയിൽ ഒരു ഏക്കറുമായി നിജപ്പെടുത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിരുന്നു. ടി ഉത്തരവിന് മുമ്പുണ്ടായിരുന്ന വ്യവസ്ഥകൾ പുനഃസ്ഥാപിച്ചു കൊണ്ടും പതിച്ചുനൽകുന്ന കൈവശ ഭൂമിക്ക് കൈമാറ്റ അനുമതി നൽകിക്കൊണ്ടും 30-9-2014-ലെ ജി.ഒ.(പി) 425/14/ആർ.ഡി. പ്രകാരം ചട്ടം ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) 30-9-2014-ലെ പ്രസ്തുത ഉത്തരവ് നിലവിൽ വന്നതിനുശേഷം പട്ടയത്തിനായി ലഭിച്ച അപേക്ഷകളുടെ വിവരം ശേഖരിച്ചിട്ടില്ല.

## ഏരിയോട് മലയിലെ ഭൂമി ഇരുമ്പയിര് ഖനനത്തിന് പാട്ടത്തിന് നൽകിയത് സംബന്ധിച്ച വിവരം

185 (1241) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ-അത്തോളി പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന ഏരിയോട് മലയിലെ സർവ്വേ നമ്പർ 101/1 ഭൂമി ഇരുമ്പയിര് ഖനനത്തിന് പാട്ടത്തിന് നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഏതു വർഷമാണ് പാട്ടത്തിന് നൽകിയതെന്നും ആർക്കാണ് നൽകിയതെന്നും വ്യക്തമാക്കുമോ ; പാട്ടക്കാലാവധിയും തുകയും സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ;

(സി) നിലവിൽ പ്രസ്തുത ഭൂമിയുടെ പാട്ടക്കാലാവധി പുതുക്കി നൽകിയിട്ടുണ്ടോ : ഉണ്ടെങ്കിൽ ആർക്കാണെന്നും കാലാവധിയും പാട്ടത്തുകയും എത്രയെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത ഭൂമി സർവ്വേ നടത്തി അതിർത്തി നിർണ്ണയിച്ച് സർക്കാരിന്റെ ഏതെങ്കിലും പദ്ധതി നടത്തുന്നതിനായി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ-അത്തോളി പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന ഏരിയോട് മലയിലെ സർവ്വേ നമ്പർ 101/1 (റീ.സ.1/1) ഭൂമി സർക്കാർ ഭൂമിയല്ല. സർക്കാർ പ്രസ്തുത ഭൂമി പാട്ടത്തിന് നൽകിയിട്ടില്ല.

(ബി-ഡി) ഉത്തരം എ-യുടെ വെളിച്ചത്തിൽ ബാധകമല്ല.

## പതിച്ചുനൽകിയ റവന്യൂ ഭൂമി

186 (1242) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ ജില്ലയിലും എത്ര വീതം റവന്യൂ ഭൂമി വിവിധ ആവശ്യങ്ങൾക്കായി പതിച്ചു നൽകിയിട്ടുണ്ട് ;

(ബി) ഓരോ ജില്ലയിലും സൗജന്യമായി പതിച്ചു നൽകിയ റവന്യൂ ഭൂമി ആർക്കെല്ലാമാണെന്നും ഏതെല്ലാം ഏജൻസികൾക്കാണ് പതിച്ച് നൽകിയതെന്നും വ്യക്തമാക്കുമോ ;

(സി) ഓരോ ജില്ലയിലും പണം ഈടാക്കിക്കൊണ്ട് പതിച്ച് നൽകിയ റവന്യൂ ഭൂമി ആർക്കെല്ലാമാണെന്നും ഏതെല്ലാം ഏജൻസികൾക്കാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## ആറന്മുള വിമാനത്താവള പദ്ധതി

187 (1243) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള വിമാനത്താവള പദ്ധതിക്കുവേണ്ടി മണ്ണിട്ട് നികത്തിയ നീർത്തടങ്ങളിൽ നിന്നും മണ്ണ് നീക്കം ചെയ്ത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നോ ;

(ബി) പ്രസ്തുത നിർദ്ദേശം നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly